## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3867** **28-06-2024 - ൽ മറുപടിയ്ക്ക്**

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ നവകേരള സദസ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവ കേരള സദസ്സുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ആകെ എത്ര പരാതികൾ/ അപേക്ഷകൾ ലഭിച്ചു എന്നും അതിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും ഇനി എത്രയെണ്ണം തീർപ്പാക്കാൻ ഉണ്ടെന്നും വകുപ്പ് തിരിച്ച് വിശദാംശം നൽകാമോ? | (എ) | 2894 നിവേദനങ്ങളിൽ ലഭിച്ചതിൽ 2819 എണ്ണം ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള പരാതികൾ വിവിധ തലങ്ങളിൽ പരിശോധിച്ചു വരുകയാണ്.<br><br>പൊതുസ്വഭാവമുള്ള വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ ധാരാളം അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.<br><br>വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ